

2022

# Article Walkthrough

**www.acharyainfo.com**

**8/1/2022**

# ഇന്ത്യയിലെ വ്യാവസായിക മേഖല

*Hindustan Times (01-08-22)*

അഞ്ച് ട്രില്യൺ സമ്പത്ത് വ്യവസ്ഥ എന്ന ഇന്ത്യയുടെ സ്വപ്നം സാത്ഷാത്കരിക്കുന്നതിൽ രാജ്യത്തെ വ്യാവസായിക മേഖലക്ക് വലിയ പങ്കുണ്ട്. രാജ്യത്തെ എട്ട് വ്യവസായങ്ങളെ അടിസ്ഥാന വ്യാവസായിക മേഖലകളാക്കി കണക്കുന്നുണ്ട്. രാജ്യത്തെ മൊത്തം വ്യാവസായിക ഉത്പാദന സൂചികയുടെ 40 ശതമാനവും ഈ എട്ട് മേഖലകളിൽ നിന്നുള്ളതാണ്. രാജ്യത്തെ മറ്റു വ്യവസായങ്ങളുടെ വളർച്ചയെ കാര്യമായി സ്വാധീനിക്കാൻ ഈ എട്ട് വ്യവസായങ്ങൾക്ക് സാധിക്കും എന്നതുകൊണ്ടാണ് ഇവയെ അടിസ്ഥാന വ്യാവസായിക മേഖലകളാക്കി കണക്കാക്കുന്നത്. 2022 ജൂൺ മാസത്തിൽ ഈ അടിസ്ഥാന മേഖല 8 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്.

## വ്യാവസായിക മേഖലയുടെ വളർച്ചയുമായി ബന്ധപ്പെട്ട് ഇന്ത്യ നേരിടുന്ന വെല്ലുവിളികൾ

### <u>അടിസ്ഥാനസൗകര്യങ്ങളുടെയും മാനുഷികവിഭവങ്ങളുടെയും അപര്യാപ്തത</u>

ACHARYA
An influential mentor

ആധുനിക സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കിയ അടിസ്ഥാന സൗകര്യങ്ങളും നൈപുണ്യശേഷിയുള്ള തൊഴിലാളികളും വ്യാവസായിക മേഖലയുടെ വളർച്ചക്ക് അനിവാര്യമായ ഒന്നാണ്.

- ഇന്ത്യയെ സംബന്ധിച്ചിടത്തോളം വാർത്താവിനിമയ സൗകര്യങ്ങൾ പ്രധാനമായും നഗരങ്ങളിൽ ഒതുങ്ങിനിൽക്കുന്ന സാഹചര്യമാണ്

- ഭൂരിഭാഗം സംസ്ഥാന വൈദ്യുതി ബോർഡുകളും നഷ്ടത്തിലാണ്.

- റോഡ്-റെയിൽവേ സൗകര്യങ്ങളും നിരവധി പ്രശ്നങ്ങൾ നേരിടുന്നു.

### <u>വായ്പാ ലഭ്യതയുടെ അഭാവം</u>

വൻകിട വ്യവസായ സ്ഥാപനങ്ങൾക്കാണ് പ്രധാനമായും വായ്പ്പ ലഭ്യമാകുന്നത്. സൂക്ഷ്മ-ചെറുകിട വ്യവസായങ്ങൾക്ക് ആവശ്യത്തിന് വായ്പ്പ ലഭ്യമാകാത്ത സാഹചര്യമാണ്.

### <u>ഇറക്കുമതിയെ കൂടുതലായി ആശ്രയിക്കുന്ന സാഹചര്യം</u>

രാജ്യത്തെ വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ യന്ത്രങ്ങളും സാങ്കേതിക വിദ്യകളും മറ്റു പല ആവശ്യവസ്തുക്കൾക്കും ഇറക്കുമതിയെ ആശ്രയിക്കേണ്ട സാഹചര്യമാണ്.

**<u>പൊതുമേഖലാസ്ഥാപനങ്ങളുടെ തകർച്ച</u>**

പഞ്ചവത്സര പദ്ധതികളുടെ ആദ്യ കാലഘട്ടത്തിൽ പൊതുമേഖലാസ്ഥാപനങ്ങളിൽ വലിയതോതിൽ പൊതു നിക്ഷേപം നടന്നിരുന്നു. എന്നാൽ മോശം മാനേജമെന്റ് പോലുള്ള കാരണങ്ങളാൽ പൊതുമേഖലാസ്ഥാപനങ്ങൾ പലതും നഷ്ടത്തിലായി.

## മുന്നോട്ടു ചെയ്യാവുന്ന കാര്യങ്ങൾ

- അടിസ്ഥാനസൗകര്യവികസനം

- ജനസംഖ്യാനുപാതിക വിഹിതം വലിയരീതിയിൽ ലഭ്യമാകുന്ന തരത്തിൽ യുവാക്കൾക്ക് തൊഴിൽപരിശീലനം ലഭ്യമാക്കുക.

- വ്യാവസായിക മേഖലയിലെ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുക.

- വ്യാവസായിക വളർച്ചക്കാവശ്യമായ രീതിയിൽ സർക്കാർ നയങ്ങൾ രൂപീകരിക്കുക.

ACHARYA
An influential mentor